**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 709** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. രാജൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. അജയപ്രസാദ്

ശ്രീ. മുഹമ്മദ് മുഹസിൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കി വരുന്ന ഉന്നതി പദ്ധതി നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധിൽപ്പെട്ടിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളെ അവയുടെ ഉദ്ദേശലക്ഷ്യങ്ങളും സമാന സ്വഭാവ സവിശേഷതകളും കണക്കിലെടുത്ത് കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏകോപന ഭാവം രൂപപ്പെടുത്തുന്നതിന് സ്വീകരിച്ച പൊതുനാമധേയം മാത്രമാണ് 'ഉന്നതി'.

**(ബി)** പ്രസ്തുത വിഭാഗങ്ങളുടെ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, ആരോഗ്യ സുരക്ഷ, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയാണ് പഞ്ചമി ഗ്രാമം. സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് 3 കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്.

വിദ്യാഭ്യാസ സംബന്ധമായി പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള 44 ITIകളെ സമഗ്രമായി നവീകരിക്കുകയും ആധുനികവത്കരിക്കുകയും ചെയ്യുന്നതിന് 2026 - 27 വർഷം ഉദ്ദേശിക്കുന്നു.

നൈപുണ്യ പരിശീലനം, ആരോഗ്യ സുരക്ഷ എന്നീ മേഖലകളിൽ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ തുടരുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, ആരോഗ്യ സുരക്ഷ, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

1. <u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി</u> : സാമ്പത്തിക ബുദ്ധിമുട്ടുകൾ ഇല്ലാതെ ഉന്നത വിദ്യാഭ്യാസം പൂർത്തീകരിക്കാൻ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
2. <u>വിദേശപഠനത്തിനുള്ള ധനസഹായം (ഉന്നതി സ്കോളർഷിപ്പ്)</u> : സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാജ്യൂവേഷൻ മുതലുള്ള പഠനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു.
3. <u>സംസ്ഥാനത്തിന് പുറത്തുള്ള പഠനം:</u> സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്ന പദ്ധതിയാണിത്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു. 2025-26 വർഷം മുതൽ ഇ ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്.
4. <u>സിവിൽ സർവീസ് പരിശീലന പദ്ധതി</u> : പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി സിവിൽ സർവീസ് പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിക്കുന്നതിനാവശ്യമായ മികച്ച പരിശീലനം നൽകുന്ന പദ്ധതി.
5. <u>പഠന വിനോദയാത്ര</u> : പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി സ്ഥാപനം സംഘടിപ്പിക്കുന്ന പഠന വിനോദയാത്രക്ക് ധനസഹായം നൽകുന്ന പദ്ധതി.
6. <u>ട്രൈബൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് യൂണിഫോം അലവൻസ് :</u> സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ വിടവുകൾ നികത്തി തുല്യതയും ഉൾപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്.
7. <u>നൈപുണ്യ വികസനം :</u> അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവാക്കൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നിലവിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ TRACE (Training for Career Excellence) പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിൽ നിരവധി പട്ടിക വർഗ്ഗ യുവതി യുവാക്കൾ മികച്ച ഹോണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ച് വരുന്നു.

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- നിർമാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ
- അഭിഭാഷക ധനസഹായ പദ്ധതി
- പൈലറ്റ് പരിശീലന ധനസഹായ പദ്ധതി
- സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി
- ട്രൈബൽ പാരാമെഡിക് ട്രെയിനി പദ്ധതി
- ഉന്നതി - വിദേശ പഠന സഹായ പദ്ധതി
- സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുന്നതിന്റെ ഭാഗമായി സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബിരുദധാരികളായ അക്രെഡിറ്റഡ് എഞ്ചിനീയർമാരെയും വകുപ്പിൽ നിയമിച്ച് പരിശീലനം നൽകി വരുന്നു.

കൂടാതെ പ്രതിരോധ മേഖലയ്ക്കുള്ള Armed Force Pre-Recruitment Training, പുനരുപയോഗ ഊർജ്ജ മേഖലയിലെ Solar Panel Installation Technician, വ്യോമയാന മേഖലയിലെ Airline & Airport Operation Fundamental Course എന്നീ പരിശീലന കോഴ്സുകൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിനായുള്ള പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ പരിചയ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപറേഷനിൽ 5 ഇന്റേൺസിനെ വയനാട്, ഇടുക്കി, കാസർഗോഡ്, കണ്ണൂർ ജില്ലകളിലായി പരിശീലനത്തിന് നിയോഗിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

8) <u>പുനരധിവാസം</u>

സ.ഉ(കൈ)നം.44/2025/പജപവവിവ തീയതി 10.11.2025 പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 5 സെന്റ് / 3 സെന്റ് ഭൂമി വാങ്ങുന്നതിന് പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരെ ഒരേസമയം സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനുവേണ്ടി മുൻ സർക്കാർ ആരംഭിച്ച പദ്ധതികൾ തുടരുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരെ ഒരേ സമയം സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനു വേണ്ടി 2025-26 സാമ്പത്തിക വർഷം ആരംഭിച്ച ' സമൃദ്ധി കേരളം പദ്ധതി ' തുടരുന്നതാണ്.

2025-26 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച 'പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ' പദ്ധതി 2026-27 സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നുണ്ട്.

പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ G.O (Rt) No.891/2025/SCSTD Dated 04.11.2025 അനുസരിച്ച് ടി പദ്ധതി വഴി പട്ടികവർഗ്ഗക്കാർക്ക് വ്യക്തിഗതവും, സംഘങ്ങളായും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നുണ്ട്.

**(ഡി)** കഴിഞ്ഞ 10 വർഷക്കാലത്തെ പ്രവർത്തനങ്ങളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദ്യാഭ്യാസ മേഖലയിലും നൈപുണ്യ പരിശീലനത്തിലും ഉണ്ടായ പുരോഗതിക്കനുസൃതമായി പുതിയ

തൊഴിൽദായക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** കഴിഞ്ഞ 10 വർഷക്കാലത്തെ പ്രവർത്തനങ്ങളിലൂടെ പട്ടികജാതി വിഭാഗക്കാർക്ക് വിദ്യാഭ്യാസ മേഖലയിലും നൈപുണ്യ പരിശീലനത്തിലും ഉണ്ടായ പുരോഗതിക്കനുസൃതമായി വിവിധ തൊഴിൽദായക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പരിപാടി - പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ, സൂക്ഷ്മ സംരംഭങ്ങളോ സ്വയംതൊഴിൽ സംരംഭങ്ങളോ ആരംഭിക്കുന്നതിനും, Self Help Group അംഗങ്ങളുടെ നിലവിലുള്ള സംരംഭങ്ങൾക്ക് സഹായകരമാക്കുന്നതിനും വായ്പ നൽകുന്ന പദ്ധതി.

2. കെ-ബിസ്സ്-പട്ടികജാതി സംരംഭകത്വ മിഷൻ - പട്ടികജാതിക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, ഒരു കൂട്ടം വിജയികളായ സംരംഭകരെ സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതി. സംരംഭകത്വ വികസന പരിപാടി, സംരംഭ വികസനത്തിനുള്ള സാമ്പത്തിക സഹായം എന്നീ രണ്ട് ഘടകങ്ങളിലൂടെയാണ് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുക.

3. പട്ടികജാതി സഹകരണ സംഘങ്ങളുടെ നവീകരണം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസപരവും നൈപുണ്യപരവുമായ മുന്നേറ്റം കണക്കിലെടുത്ത് ആധുനിക തൊഴിൽ വിപണിക്ക് അനുയോജ്യമായ നിരവധിയായ പുതിയ തൊഴിൽദായക പദ്ധതികൾ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

- നൈപുണ്യ വികസന പരിശീലനത്തിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കുന്ന പരിശീലന കോഴ്സുകളെല്ലാം തന്നെ 100% പ്ലേസ്മെന്റ് ഉറപ്പുവരുത്തിയവയാണ്. തൊഴിൽ സാധ്യതയേറിയ ഏവിയേഷൻ, ഓട്ടോ മൊബൈൽ, ഡിജിറ്റൽ സാങ്കേതികവിദ്യ, ടൂറിസം & ഹോസ്പിറ്റാലിറ്റി, നിർമ്മാണ മേഖല, ഐ.ടി., പാരാമെഡിക്കൽ തുടങ്ങി വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനങ്ങൾ നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രമുഖ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുകയും സ്വന്തമായി ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. കൂടാതെ സിവിൽ സർവീസ്, പൈലറ്റ് പരിശീലനം, അക്രെഡിറ്റഡ് എഞ്ചിനീയറിംഗ് നിയമനങ്ങൾ, വിദേശ പഠന പദ്ധതികൾ (ഉന്നതി) എന്നിവയിലൂടെ പുതിയ തൊഴിൽ അധിഷ്ഠിത അവസരങ്ങൾ ഈ വിഭാഗക്കാർക്കായി ലഭ്യമാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**